MALANKARA ORTHODOX SYRIAN CHURCH

# Mar Gregorios Orthodox Christian Student Movement

**Metropolitan**
**Dr. Abraham Mar Seraphim**
PRESIDENT

MGOCSM STUDENT CENTRE
College Road, Kottayam
PIN:686001, Kerala,India

**MGOCSM/AMS/06/2026**

**08-08-2026**

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാർക്കും, സഹവികാരിമാർക്കും, ദേശത്ത്പട്ടക്കാർക്കും, പള്ളി കൈസ്ഥാനികൾക്കും, സ്ഥാപന മേലധികാരികൾക്കും വിദ്യാർഥിപ്രസ്ഥാനം പ്രവർത്തകർക്കും, ശേഷം വിശ്വാസികൾക്കും വാഴ്വ് !

പ്രിയരെ,

മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് ക്രൈസ്തവ വിദ്യാർഥിപ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ ഭംഗിയായി നടത്തപ്പെടുന്നതിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നു. നമ്മുടെ വിദ്യാർഥി സമൂഹം ദൈവഭക്തിയോടും, സാമൂഹിക പ്രതിബദ്ധതയോടും കൂടി തങ്ങളുടെ ജീവിതം നയിക്കുവാനാവശ്യമായ പരിശീലനം നൽകേണ്ടത് പരിശുദ്ധ സഭയുടെ ഉത്തരവാദിത്വമാണെല്ലോ. അപ്രകാരമുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന വന്ദ്യ വൈദികരെയും, മറ്റ് ഭാരവാഹികളെയും, പ്രസ്ഥാനം പ്രവർത്തകരെയും ദൈവസന്നിധിയിൽ ഓർത്ത് പ്രാർത്ഥിക്കുന്നു.

ദൈവഹിതമായാൽ, പ്രസ്ഥാനത്തിന്റെ 118-ാമത് വാർഷിക കോൺഫറൻസ് 2026 ഒക്ടോബർ 18 മുതൽ 20 വരെ ബാംഗ്ലൂർ ദയാഭവനിൽ വച്ച് നടത്തുവാനുള്ള ക്രമീകരണം ചെയ്യുകയാണ്. സമ്മേളനത്തിൽ പങ്കെടുക്കുന്നതിനായി ആ ഇടവകയിൽ നിന്നും/സ്ഥാപനത്തിൽ നിന്നും കുറഞ്ഞത് ഒരു പ്രതിനിധിയെയെങ്കിലും പള്ളി/സ്ഥാപനച്ചെലവിൽ അയയ്ക്കണം. ഒരാൾക്ക് റെയിൽവേ ടിക്കറ്റും രജിസ്ട്രേഷൻ ഫീസും ഉൾപ്പെടെ 2000 രൂപ അടച്ചു കോൺഫറൻസ് രജിസ്ട്രേഷൻ നിർവഹിക്കേണ്ടതാണ്. സ്പോട്ട് രജിസ്ട്രേഷൻ ഉണ്ടായിരിക്കുന്നതല്ല.

സമ്മേളനത്തിന്റെ വിശദവിവരങ്ങൾ പ്രസ്ഥാനം ജനറൽ സെക്രട്ടറി ഡോ. വിവേക് വർഗീസ് അച്ചൻ സർക്കുലർ മുഖേന അറിയിക്കുന്നതാണ്. നിങ്ങൾ ഏവരും സമ്മേളനത്തിന്റെ അനുഗ്രഹീതമായ നടത്തിപ്പിന് വേണ്ടി പ്രാർത്ഥിക്കുകയും വിദ്യാർഥിപ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുകയും ചെയ്യണം.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരുടെയും മേൽ സദാ വർത്തിച്ചിരിക്കുമാറാകട്ടെ.

**ഡോ.എബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്ത**